"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷൻ രൂപീകരിക്കുവാനുള്ള അനുമതി നൽകിയും മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1011/2024/AGRI തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:-
1. 17.03.2022 തീയതിയിലെ സ. ഉ (സാധാ) 221/2022 അഗ്രി നമ്പർ സർക്കാർ ഉത്തരവ്.
2. 07.10.2022 ലെ സ. ഉ (സാധാ) 883/2022/ അഗ്രി നമ്പർ സർക്കാർ ഉത്തരവ്.
3. 31.07.2024 തീയതിയിലെ കൃഷി ഡയറക്ടറുടെ ADFW/6010/2024-FIG നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ഉദ്ദേശത്തോടെ മുഖ്യമന്ത്രിയുടെ രണ്ടാം നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 17.03.2022 തീയതിയിലെ സർക്കാർ ഉത്തരവ് പരാമർശം (1) പ്രകാരം 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി ആരംഭിക്കുകയും 10000 കാർഷിക ഗ്രൂപ്പുകൾ ടി പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയിലൂടെ കൈവരിക്കുവാൻ കർഷകരുടെ ഒരു സ്വയം നിയന്ത്രിത സ്വതന്ത്ര കൂട്ടായ്മയെ (Farmers Interest Group) 'കൃഷിക്കൂട്ടം' എന്ന പേരിൽ രൂപപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ കാർഷിക മേഖലയിലെ മുന്നേറ്റം ഉറപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം. ടി കാർഷിക ഗ്രൂപ്പുകളുടെ ഘടനയും പ്രവർത്തനവും 07.10.2022 ലെ സർക്കാർ ഉത്തരവ് പരാമർശം (2) പ്രകാരം നിശ്ചയിക്കുകയും ചെയ്തിരുന്നു. കൃഷിക്കൂട്ടം അംഗങ്ങൾ തങ്ങളുടെ നിലവിലുള്ളതും മറ്റ് പുതിയതുമായ വിഭവങ്ങൾ സമാഹരിക്കുന്നതിലൂടെയും തൽഫലമായുണ്ടാകുന്ന നേട്ടങ്ങളിൽ പങ്കുചേരുന്നതിലൂടെയും ലക്ഷ്യം കൈവരിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്നു. ഇവയുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി നിരവധി പ്രവർത്തനങ്ങൾ ഇതുവരെ നടത്തുകയും രൂപീകരിക്കപ്പെടുന്ന കൃഷിക്കൂട്ടങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ചെയ്തിരുന്നു. ഉത്പാദന, സേവന, വിപണന മേഖലയിൽ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന കാർഷിക കൂട്ടായ്മ സൃഷ്ടിക്കുവാൻ ഇതിലൂടെ സാധ്യമായി.

2) കൃഷിക്കൂട്ടങ്ങളുടെ വാർഡ് തലത്തിലുള്ള പ്രവർത്തനവും പഞ്ചായത്ത് തലത്തിലുള്ള

പ്രവർത്തനവും കൂടുതൽ ഏകോപിപ്പിക്കുന്നതിലൂടെ പ്രാഥമിക കാർഷിക മേഖലയോടൊപ്പം ദ്വിതീയ കാർഷികമേഖലയേയും ശക്തിപ്പെടുത്തി കാർഷിക സ്വയം പര്യാപ്തത , കർഷകരുടെ വരുമാന വർദ്ധനവ് , സുരക്ഷിത ഭക്ഷണം തുടങ്ങിയ ലക്ഷ്യങ്ങളിൽ എത്തിച്ചേരേണ്ടതുണ്ട്. സംസ്ഥാനത്തെ കാർഷിക പ്രാധാന്യമുള്ള എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ഘട്ടം ഘട്ടമായി ആരംഭിക്കുന്ന "കൃഷി സമൃദ്ധി" പദ്ധതിയുടെ പ്രവർത്തനത്തിലൂടെ ടി ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകും എന്നതിന്റെ അടിസ്ഥാനത്തിൽ സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകളിൽ ഈ ഉത്തരവിന്റെ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശഭരണ സ്ഥാപന തലത്തിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) കൃഷിക്കൂട്ടങ്ങളുടെ ഫെഡറേഷൻ രൂപീകരിക്കുവാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3) ടി ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന തല ഫെഡറേഷൻ 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമം പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതും ഇതിനാവശ്യമായ മോഡൽ ബൈലോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ തയ്യാറാക്കി ഈ ഉത്തരവ് തീയ്യതി മുതൽ പതിനഞ്ച് ദിവസത്തിനകം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.
ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും.
അക്കൗണ്ടന്റ് ജനറൽ ((എ & ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ & പി.ആർഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Nisha T K
Date: 29-10-2024 11:20:08
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി / എ പി സി യുടെ പി എയ്ക്ക്.

**അനുബന്ധം**

<u>കൃഷിക്കൂട്ടങ്ങളുടെ പുനഃസംഘടനയും പുതിയ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും</u>

കാർഷിക ഉല്പാദന, സേവന, മൂല്യ വർദ്ധന മേഖലകളിലെ കർഷകരെ സംഘടിപ്പിച്ചു കൊണ്ടായിരിക്കണം പുതിയ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള അനുയോജ്യരും പൊതുവായ താല്പര്യവും ലക്ഷ്യവുമുള്ളവരുമായ 5 മുതൽ 20 വരെ കർഷകരെ കണ്ടെത്തി വാർഡ് അടിസ്ഥാനമാക്കിയാണ് കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടത്. നിലവിലുള്ള കൃഷി കൂട്ടങ്ങളിൽ 20 ൽ അധികം അംഗങ്ങൾ ഉണ്ടെങ്കിൽ ആ കൃഷിക്കൂട്ടത്തിനെ രണ്ടാക്കുകയോ 20 ൽ താഴെ അംഗസംഖ്യയുള്ള ഒരു കൃഷിക്കൂട്ടത്തിന്റെ ഭാഗമാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിനായി AIMS പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. നിലവിലുള്ള കൃഷി കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തി നിർജ്ജീവമായ കൃഷിക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കേണ്ടതാണ്. വാർഡ് തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനവും കൃഷിയിടത്തിന്റ ലഭ്യതയും അടിസ്ഥാനമാക്കി ആവശ്യത്തിനുള്ള കൃഷിക്കൂട്ടങ്ങളുടെ അപര്യാപ്തത ഉണ്ടെങ്കിൽ പുതിയ കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

കൃഷിഭവൻ തലത്തിൽ പ്രവർത്തിക്കുന്ന പാടശേഖരസമിതികൾ, കേരസമിതികൾ, കാർഷിക കർമ്മസേനകൾ, ഇക്കോഷോപ്പ്, തുടങ്ങിയ സമിതികളിലെ അംഗങ്ങളായ കർഷകർക്ക് പരമാവധി ഇരുപത് പേരുള്ള കൃഷിക്കൂട്ടങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കുടുംബശ്രീ ജെ. എൽ. ജി കളുടെ അംഗസംഖ്യ 5 നും 20 നും മദ്ധ്യേ നിലനിർത്തിക്കൊണ്ടു ബന്ധപ്പെട്ട തദ്ദേശ ഭരണ തല കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ (CDS) അനുമതിയോടെ കൃഷിക്കൂട്ടമായി രജിസ്റ്റർ ചെയ്യാവുന്നതും ഫെഡെറേഷനിൽ പ്രാധിനിത്യം കൈയ്യാളാവുന്നതുമാണ്. ഇതിലൂടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാദ്ധ്യമാകുന്നതും ആവശ്യമായ സാമ്പത്തിക സാങ്കേതിക പിന്തുണ ഉറപ്പാക്കുവാൻ കഴിയുന്നതുമാണ്. ഇതിലൂടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാദ്ധ്യമാകുന്നതും ആവശ്യമായ സാമ്പത്തിക സാങ്കേതിക പിന്തുണ ഉറപ്പാക്കുവാൻ കഴിയുന്നതുമാണ്.

കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് വാർഡ് പരിധിയിൽ നിന്നുകൊണ്ടാകാൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ്പരിധി കടന്നും കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കേണ്ട സാഹചര്യമുണ്ടായാൽ കൃഷി ഓഫീസറുടെ അനുമതിയോടെ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. കൃഷി ഓഫീസർ കൃഷിക്കൂട്ടങ്ങളെ കൃഷിഭവൻ തലത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും, വർഷം തോറും കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനം വിലയിരുത്തി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സേവന, മൂല്യവർദ്ധന മേഖലകളിലെ കൃഷികൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അനുമതിയോടെ പ്രവർത്തിക്കാവുന്നതാണ്. ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടാംഗത്തിന് സേവന മൂല്യ വർദ്ധിത മേഖലകളിലെ കൃഷിക്കൂട്ടങ്ങളിലും സേവനമേഖലയിലെ കൃഷിക്കൂട്ടാംഗത്തിന് ഉൽപാദന മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടത്തിലും

അംഗമാകാവുന്നതാണ്. മൂല്യവർദ്ധിത മേഖലകളിലെ കൃഷിക്കൂട്ടാംഗം നിർബന്ധമായും ഏതെങ്കിലും ഉൽപാദന മേഖലയിലെ കൃഷിക്കൂട്ടത്തിൽ അംഗമായിരിക്കണം.

<u>കൃഷിക്കൂട്ടം - സംഘാടനം:</u>

- എല്ലാ കൃഷിക്കൂട്ടങ്ങൾക്കും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി,ജോയിന്റ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുക.
- കൃഷിക്കൂട്ടത്തിന്റെ സെക്രട്ടറിയുടെയും ഖജാൻജിയുടെയും പേരിൽ സംയുക്തമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുക.
- കൃഷിക്കൂട്ടങ്ങൾക്ക് മിനുട്സ് ബുക്ക് ഉണ്ടായിരിക്കുക, ആയത് കാലികമായി എഴുതി സൂക്ഷിക്കുക.
- കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS/KATHIR പോർട്ടലിൽ രജിസ്റ്റർ ചെയ്ത്, രജിസ്ട്രേഷൻ നമ്പർ നേടുക.
- മാസത്തിൽ കുറഞ്ഞത് ഒരു തവണ കൃഷിക്കൂട്ടം യോഗം കൂടുക.
- നിലവിൽ രൂപീകരിക്കപ്പെട്ട കൃഷിക്കൂട്ടങ്ങൾ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ആയി പരിഗണിക്കപ്പെടുന്നതിന് പരമാവധി അംഗബലം ഇരുപതായി നിജപ്പെടുത്തുക.
- ഓരോ മാസവും ചെയ്യേണ്ട പ്രവർത്തനങ്ങൾ പ്രതിമാസയോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിയ്ക്കുകയും അവ അംഗങ്ങൾ അനുവർത്തിക്കുന്നു എന്ന് ഭാരവാഹികൾ ഉറപ്പ് വരുത്തുകയും ചെയ്യുക.
- ഡിജിറ്റൽ പ്ലാറ്റ്ഫോമായ AIMS/KATHIR പോർട്ടൽ/ആപ്പ് ഉപയോഗപ്പെടുത്തി കർഷകരുടെയും, കൃഷിയുടെയും, കൃഷിയിടത്തിന്റെയും, വിളകളുടേയും അടിസ്ഥാന വിവരങ്ങളും തത്സമയ വിവരങ്ങളും രേഖപ്പെടുത്തുക.

<u>1. ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ:</u>

കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂടെ കർഷകർക്ക് അവരുടെ വിഭവങ്ങൾ പരമാവധി വിനിയോഗിച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആണ് ഉൽപ്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളിലൂടെ മുന്നോട്ട് വെക്കുന്നത്. ഉല്പാദന വർദ്ധനവ്, വിള വിസ്തൃതി വ്യാപനം, നൂതന സാങ്കേതിക വിദ്യകൾ അനുവർത്തിക്കൽ എന്നിവ ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ലക്ഷ്യങ്ങളാണ്. ഉല്പാദനോപാധികളായ കൃഷി ഭൂമി, വിത്ത്, വളം, ജലസേചന സൗകര്യങ്ങൾ, വൈദ്യുതി, യന്ത്രങ്ങൾ, അധ്വാനം എന്നിവ സംയോജിപ്പിച്ചുള്ള കാർഷികോല്പാദന രീതിയായിരിക്കും അവലംബിക്കുക. ഉൽപ്പാദന ചെലവ് കുറയ്ക്കുക, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, മികച്ച വില നേടുക, മൂല്യ വർദ്ധനവിലൂടെ കർഷകർക്ക് അധിക വരുമാനം ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിടുന്നു. ഗ്രൂപ്പ് ഫാമിംഗ്, ജലസേചനം, വിളകളുടെ സംയോജിത പോഷണ പരിപാലനം (INM), സംയോജിത രോഗ-കീട നിയന്ത്രണം (IPM), സംയോജിത കൃഷി രീതികൾ (IFS), സർട്ടിഫിക്കേഷനുകൾ, വിളവെടുപ്പിനു ശേഷമുള്ള സാങ്കേതികവിദ്യകൾ(PHM), വിപണനം, മൂല്യവർദ്ധനവ്(VA) എന്നീ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നു. മൂലധന ചെലവ് കൂടുതലുള്ള കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷി സാധാരണ കർഷകർക്കും സാധ്യമാക്കുന്നു. വിള അധിഷ്ഠിത ആസൂത്രണത്തിൽ നിന്നും വിഭിന്നമായി കർഷകന്റെ കൃഷിയിടം ആസൂത്രണത്തിന്റെ

അടിസ്ഥാന ഘടകമായി കണക്കാക്കുന്നു. ആയതിനാൽ കർഷകന് തന്റെ കൃഷിയിടത്തിൽ സാധ്യമായ എല്ലാ ഉൽപ്പാദന പ്രക്രിയയും ശാസ്ത്രീയമായി ചെയ്യാൻ സാധിക്കുന്നു. അത് വഴി നഷ്ടം കുറയ്ക്കുന്നതിനും ലാഭം വർധിപ്പിക്കുന്നതിനും സാധിക്കുന്നു.

**പ്രവർത്തനങ്ങൾ :**

- കൃഷിക്കൂട്ടത്തിലെ അംഗങ്ങൾക്കായി ഒറ്റയ്ക്കോ ഗ്രൂപ്പായോ കൃഷി ചെയ്യാനുള്ള കൃഷിയിടങ്ങൾ കണ്ടെത്തുക.
- വാർഡ് തല സമിതി മുഖാന്തിരം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുക.
- കാർഷിക പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയതിന്റെ തൽസ്ഥിതി വിലയിരുത്തുകയും എയിംസ്/ കതിർ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യുക.
- ഉല്പാദന പ്ലാനിനനുസരിച്ച് ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുക.
- നബാർഡ്, കിസാൻ ക്രെഡിറ്റ് കാർഡ് തുടങ്ങിയ പദ്ധതികളുമായുള്ള സംയോജനം ബാങ്കുകളുമായി സഹകരിച്ച് ഉറപ്പ് വരുത്തുക.
- തരിശ് വിമുക്ത വാർഡുകൾ സൃഷ്ടിക്കുവാൻ പ്രയത്നിക്കുക.
- മണ്ണ് പരിശോധന നടത്തുക. മണ്ണിന്റെ ആരോഗ്യം നിലനിർത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നുമായി അധിക സാങ്കേതിക/സാമ്പത്തിക സഹായം തേടുക.
- വിത്ത്/വളം/യന്ത്ര സഹായം എന്നിവ ഏകോപനത്തിലൂടെ സമയബന്ധിതമായി ലഭ്യമാക്കുക.
- പരിസ്ഥിതി സൗഹാർദ കൃഷിയിടങ്ങൾ ഒരുക്കുക.
- മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക.
- ശാസ്ത്രീയ ജലസേചന മാർഗ്ഗങ്ങൾ അനുവർത്തിയ്ക്കുക.
- വിള ഇൻഷുറൻസ് ലഭിക്കുന്നതിന് ആവശ്യമായ പിന്തുണ കർഷകർക്ക് ഉറപ്പാക്കുക.
- ഉല്പാദന വർദ്ധനവ് ഉറപ്പാക്കുന്ന ഉൽപ്പാദന പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുക.
- മൂല്യവർദ്ധനവിനുള്ള സാധ്യത തേടുക.
- ഓരോ സീസണിലും ഉൽപ്പാദന വിള നിർണ്ണയ വിപണന പ്ലാൻ തയ്യാറാക്കലിൽ പങ്കാളിയാവുക.
- ഉൽപ്പാദന പ്ലാൻ അനുസരിച്ച്, ഉന്നത മൂല്യ (High Value Agriculture) കാർഷികോല്പന്നങ്ങൾ, മൂല്യവർദ്ധനവിന് ആവശ്യമായ കാർഷികോല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുക.
- പ്രവർത്തനങ്ങൾ പ്രോസസ്സ് ഡോക്യുമെന്റേഷൻ (Process Documentation) നടത്തുകയും കതിർ പോർട്ടലിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുക.

<u>2. സേവന/ വിപണന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ :</u>

കർഷകർക്ക് സാങ്കേതിക വിദ്യയുടെ സഹായത്തോട്ടു കൂടി വിരൽത്തുമ്പിൽ കാർഷിക സേവനങ്ങൾ എത്തിക്കുന്നതിനും പ്രാദേശികമായി വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ

ലഭ്യമാക്കുന്നതിനും കാർഷിക മേഖല സാധ്യമാകും വിധം യന്ത്രവത്കൃതമാക്കുന്നതിനും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷിശ്രീ സെന്ററുകൾ, ഇക്കോ ഷോപ്പുകൾ, കർഷക സേവന കേന്ദ്രങ്ങൾ മുതലായവയ്ക്ക് സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഭാഗമാകാവുന്നതാണ്. ഭൗമ സൂചികാ പദവി പോലെ പ്രാദേശിക പ്രാധാന്യമുള്ള കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനും വിതരണത്തിനും സേവന മേഖല കൃഷിക്കൂട്ടങ്ങൾ പ്രത്യേക ഊന്നൽ കൊടുക്കേണ്ടതാണ്. ഓരോ പ്രദേശത്തും വിപണനം ചെയ്യാവുന്ന ഉൽപ്പന്നങ്ങൾ അവിടെ തന്നെ വിപണനം ചെയ്യുകയും (പ്രാദേശിക വിപണി) അധികം വരുന്ന ഉൽപ്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിലും പിന്നീട് ആവശ്യാനുസരണം മൂല്യ വർദ്ധിത ഉൽപ്പാദന യൂണിറ്റുകളിലേക്കും നൽകാവുന്നതാണ്. ഇക്കാര്യത്തിൽ മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമായ വിദഗ്ധ സേവനങ്ങൾ സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളിലൂടെ ലഭ്യമാക്കേണ്ടതാണ്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്ന പ്രവർത്തനങ്ങളും വിപണന കേന്ദ്രങ്ങളും സേവന/വിപണന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**പ്രവർത്തനങ്ങൾ :**

- ഉൽപ്പാദന, മൂല്യ വർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ സേവനങ്ങൾ അംഗീകൃത നിരക്കിൽ ലഭ്യമാക്കുക.
- വിദഗ്ധ, അവിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കുക.
- തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.
- ഡിജിറ്റൽ ഉൾപ്പെടെയുള്ള സാങ്കേതിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
- ഉല്പാദന മൂല്യവർദ്ധന മേഖലാ കൃഷിക്കൂട്ടങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ്, പാക്കിങ്, ലോജിസ്റ്റിക്സ് പിന്തുണ വാണിജ്യ, വ്യാപാര, വിതരണ പിന്തുണകൾ എന്നിവ നൽകുക.
- ഉൽപ്പന്നങ്ങൾക്ക് പ്രാദേശികമായും സാർവത്രികമായും പരമാവധി പ്രചാരണം നൽകുക.
- ഓരോ സീസണിലും ഉൽപ്പാദന വിള നിർണ്ണയ വിപണന പ്ലാൻ തയ്യാറാക്കലിൽ പങ്കാളിയാവുക.
- ഉൽപ്പാദന പ്ലാൻ അനുസരിച്ച്, ഉന്നത മൂല്യ (High Value Agriculture) കാർഷികോല്പന്നങ്ങൾ, മൂല്യവർദ്ധനവിന് ആവശ്യമായ കാർഷികോല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പിന്തുണ നൽകുക.
- പ്രവർത്തനങ്ങൾ പ്രോസസ്സ് ഡോക്യുമെന്റേഷൻ (Process Documentation) നടത്തുകയും കതിർ പോർട്ടലിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുക.

**3. മൂല്യ വർദ്ധന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ :**

ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖയുടെ അടിസ്ഥാനത്തിലായിരിക്കും മൂല്യ വർദ്ധന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങൾ യഥാസമയത്ത് ഗാർഹിക/ പ്രാദേശിക ഉപയോഗത്തിലേക്ക്, മൂല്യ വർധിത യൂണിറ്റുകളിലേക്ക്,

വിതരണം ചെയ്യാൻ സാധിക്കുന്നു. കാർഷികോല്പന്നങ്ങൾ പ്രാദേശിക തലത്തിൽ ഗുണനിലവാരമനുസരിച്ച് തരം തിരിച്ച് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. പ്രദേശത്തെ ഉത്പാദന, സേവന/ വിപണന, മൂല്യ വർദ്ധിത മേഖലയിൽ ആവശ്യമെങ്കിൽ കർഷകന് ഒരേ സമയം പങ്കാളിയാകുന്നതിന് തടസ്സമില്ല. ബന്ധപ്പെട്ട കൃഷി ഓഫീസറുടെ അനുമതിയോടെ ഒന്നിലധികം കൃഷിക്കൂട്ടങ്ങളിൽ അംഗമാകാവുന്നതാണ്. മൂല്യ വർദ്ധിത മേഖലയിലെ കൃഷിക്കൂട്ടാംഗങ്ങളിൽ അൻപത് ശതമാനത്തിൽ കൂടുതൽ അംഗങ്ങൾ നിർബന്ധമായും ഏതെങ്കിലും ഉല്പാദനമേഖലയിലെ കൃഷിക്കൂട്ടത്തിൽ അംഗമായിരിക്കണം.

**പ്രവർത്തനങ്ങൾ :**

- മൂല്യവർദ്ധനവ് നടപ്പിലാക്കാൻ ആവശ്യമായ കാർഷികോല്പന്നങ്ങൾ ഉല്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളിലൂടെ കണ്ടെത്തുക.
- മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പുത്തൻ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുകയും പരിശീലനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.
- മൂല്യ വർദ്ധന മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പിന്തുണ കണ്ടെത്തുകയും ആവശ്യമായ യന്ത്രോപകരണങ്ങൾ സ്വായത്തമാക്കുകയും ചെയ്യുക.
- മൂല്യവർദ്ധനവിനാവശ്യമായ യന്ത്രോപകരണങ്ങൾ സ്വായത്തമാക്കുക.
- ഓരോ സീസണിലും ഉൽപ്പാദന വിള നിർണ്ണയ വിപണന പ്ലാൻ തയ്യാറാക്കലിൽ പങ്കാളിയാവുക.
- ഉൽപ്പാദന പ്ലാൻ അനുസരിച്ച്, ഉന്നത മൂല്യ (High Value Agriculture) കാർഷികോല്പന്നങ്ങൾ, മൂല്യവർദ്ധനവിന് ആവശ്യമായ കാർഷികോല്പന്നങ്ങൾ ഉൽപ്പാദിക്കുവാൻ ഉൽപ്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് പിന്തുണ നൽകുക.
- ഉൽപ്പാദന വിളനിർണ്ണയ വിപണന രേഖ അനുസരിച്ച ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മൂല്യ വർധിത യൂണിറ്റുകൾ ആരംഭിക്കുക.
- മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് നിർദിഷ്ട ഗുണനിലവാരം ഉറപ്പ് വരുത്തുക.
- പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- പ്രവർത്തനങ്ങൾ പ്രോസസ്സ് ഡോക്യുമെന്റേഷൻ (Process Documentation) നടത്തുകയും കതിർ പോർട്ടലിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുക

<u>വാർഡ് തല നിർവ്വഹണ സമിതി</u>

**വാർഡ് തല നിർവ്വഹണ സമിതിയുടെ ഘടന :-**

ചെയർമാൻ - വാർഡ് മെമ്പർ/കൗൺസിലർ
കൺവീനർ-വാർഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ്
ജോയിന്റ് കൺവീനർ - കർഷക മിത്ര (വാർഡ് തലങ്ങളിലെ തദ്ദേശീയരായ കൃഷി ശാസ്ത്രത്തിലെ VHSC, ഡിപ്ലോമ, ബിരുദധാരികൾ, കൃഷി അനുബന്ധ മേഖലകളിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥർ സന്നദ്ധ സേവനത്തിന് തല്പരരാണെങ്കിൽ മാത്രം). ഇവർക്ക് പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

അംഗങ്ങൾ - വാർഡിലെ കൃഷിക്കൂട്ടങ്ങളിലെ എല്ലാ ഭാരവാഹികളും.
ADS ചെയർ പേഴ്സൺ/ MGNREGS മേറ്റ്
വാർഡിലെ ഉത്തമ കൃഷി കുടുംബങ്ങളിലെ പ്രതിനിധി - 2 പേർ
വാർഡിലെ കാർഷിക മേഖലയിൽ പ്രവർത്തിയ്ക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ
കൃഷി സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകൾ ഉണ്ടെങ്കിൽ, അവിടെ നിന്നുള്ള അദ്ധ്യാപക പ്രതിനിധികൾ.

**ചുമതലകൾ** :

- ആവശ്യാധിഷ്ഠിത കൃഷിക്കൂട്ടങ്ങളുടെ പുനഃസംഘടനയും പുതിയ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും നടത്തുക.
- ഒന്നിലധികം കൃഷിക്കൂട്ടങ്ങളിൽ അംഗങ്ങളാകാൻ താല്പര്യമുള്ള കർഷകരെ കൃഷി ഓഫീസറുടെ അംഗീകാരത്തിനായി ശുപാർശ ചെയ്യുക.
- വാർഡിലുള്ള കൃഷിയോഗ്യമായ തരിശ് നിലങ്ങൾ കണ്ടെത്തുക.
- വാർഡിലെ തരിശ് ഭൂമിയുടെ വിവരങ്ങൾ പൂർണമായും കണ്ടെത്തി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുകയും കൃഷി വകുപ്പിന്റെ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുക.
- പരമാവധി കാർഷികോല്പാദനത്തിനും, വാർഡ് പരിധിയിലെ കഴിയുന്നത്ര ജനതയെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പ്രാദേശിക തലത്തിൽ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനും സഹായിക്കുക.
- കാർഷിക സേവനദാതാക്കളെയും വാർഡ് തലത്തിലുള്ള കൃഷിക്കൂട്ടങ്ങളെയും ഏകോപിപ്പിക്കുക.
- നിശ്ചിത മാതൃകയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമായ AIMS/KATHIR പോർട്ടൽ/ആപ്പ് ഉപയോഗപ്പെടുത്തി കർഷകരുടെയും, കൃഷിയുടെയും, കൃഷിയിടത്തിന്റെയും തരിശ് ഭൂമിയുടെയും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും രേഖപ്പെടുത്തുകയും അതാത് സമയങ്ങളിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുകയും ഇതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യുക. ഇതിനായി ബ്ലോക്കുകളിലും കൃഷിഭവനുകളിലും ജോലി ചെയ്യുന്ന കരാർ ജീവനക്കാർ, മെന്റർമാർ, പ്രാദേശിക വിദഗ്ദ്ധർ, തുടങ്ങിയവരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.
- അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിച്ച് കർഷകരുടെയും കൃഷിക്കൂട്ടങ്ങളുടെയും വാർഡ് തല ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കി പഞ്ചായത്ത് തലത്തിൽ സമർപ്പിക്കുക.
- വാർഡ് തല ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുന്നതിന് കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക വിദഗ്ദ്ധർ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, ആശാവർക്കർമാർ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ഹൌസിങ് കോളനികൾ, സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, തുടങ്ങിയവരിൽ നിന്നുള്ള ആശയങ്ങളും വിവരങ്ങളും ക്രോഡീകരിക്കുക.
- ഉല്പന്നങ്ങളുടെ പ്രാദേശിക വിപണി കണ്ടെത്തുക.
- മികച്ച കർഷകരെ/ കൃഷിക്കൂട്ടങ്ങളെ ആദരിക്കുക.

- വാർഡിലെ കൃഷി ചെയ്യാൻ താല്പര്യമുള്ള എല്ലാവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക.
- പൊതു ഇടങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തി കൃഷിയോഗ്യമാക്കുക.
- കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക
- വാർഡിലുള്ള കൃഷിക്കൂട്ടങ്ങളിൽ മാസം തോറും നടക്കുന്ന യോഗങ്ങളിൽ വാർഡ് തല നിർവ്വഹണ സമിതിയുടെ പ്രതിനിധികൾ പങ്കെടുക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രവർത്തനക്ഷമമല്ലാത്ത കൃഷിക്കൂട്ടങ്ങളെ ശാക്തീകരിക്കുക.
- കൃഷിക്കൂട്ടത്തിന്റെ കൃഷി സംബന്ധിച്ച് നില നിൽക്കുന്ന അടിസ്ഥാന സൗകര്യം, സാങ്കേതികം, വിപണനം, മൂല്യവർധന എന്നിവയുമായി ബന്ധപ്പെട്ട വിടവുകളും വെല്ലുവിളികളും വാർഡ് തല സമിതിയിൽ സമഗ്രമായി ചർച്ച ചെയ്ത്, രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യുക.
- വാർഡിൽ ഉള്ള വീടുകളുടെ എണ്ണം, ജനസംഖ്യ, കൃഷി ഭൂമിയുടെ വിസ്തൃതി, തരിശ് ഭൂമി, പശു, ആട് എന്നിവ കൃഷി ചെയ്യുന്നവരുടെ വിവരങ്ങൾ, ജലസേചന സൗകര്യങ്ങൾ, കാർഷിക വായ്പകൾ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ, കാർഷിക യന്ത്രങ്ങൾ തുടങ്ങിയ വിവരങ്ങൾ കൃഷിക്കൂട്ടങ്ങൾ വഴി ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുക.
- വാർഡ് തല നിർവ്വഹണ സമിതിയുടെ പ്രവർത്തനങ്ങളിൽ കൺവീനർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കരാർ ജീവനക്കാരെ മെന്റർമാരായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയോഗിക്കേണ്ടതാണ്.

<u>തദ്ദേശ സ്വയം ഭരണ സ്ഥാപനതല നിർവ്വഹണം :</u>

<u>കൃഷിക്കൂട്ടങ്ങളുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഫെഡറേഷൻ</u>

അതത് തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തന പുരോഗതി, പ്രതിമാസം വിലയിരുത്തി, അവർക്ക് വേണ്ട നിർദേശങ്ങൾ നൽകി, കൃഷിക്കൂട്ടങ്ങളെ ശാക്തീകരിക്കുകയും വിവിധ വകുപ്പുകൾ, ഭരണ ഘടനാ സ്ഥാപനങ്ങൾ, സർക്കാർ തല ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുമായി കൃഷിക്കൂട്ടങ്ങളെ ബന്ധപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ഫെഡറേഷന്റെ രൂപീകരണ ദൗത്യം. 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമം പ്രകാരം ഈ സമിതി രജിസ്റ്റർ ചെയ്യേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന തലത്തിലെ എല്ലാ കൃഷിക്കൂട്ടങ്ങളും ഫെഡറേഷനുമായി അഫിലിയേറ്റ് ചെയ്തിരിക്കണം

വാർഡ് തല കൃഷിക്കൂട്ടങ്ങളിലെ ഭാരവാഹികളായ പ്രസിഡൻറ്, സെക്രട്ടറി എന്നിവർ തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഫെഡറേഷന്റെ പൊതു സഭയിൽ അംഗങ്ങൾ ആയിരിയ്ക്കും. ഇവരിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഫെഡെറേഷൻ ഭരണ സമിതിയുടെ

ഭാരവാഹികളെ തെരെഞ്ഞെടുക്കുന്നതാണ്. പൊതു സഭാ അംഗങ്ങളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഫെഡെറേഷൻ പ്രസിഡന്റ്, വൈസ് പ്രസിഡൻറ്, ഏഴ് മുതൽ ഒൻപത് വരെ അംഗങ്ങൾ അടങ്ങുന്ന ഭരണ സമിതിയെ ആയിരിക്കണം തെരെഞ്ഞെടുക്കേണ്ടത്. ഭരണ സമിതിയിലെ അംഗങ്ങളെല്ലാം വ്യത്യസ്ഥ കൃഷിക്കൂട്ടങ്ങളിൽ നിന്നുള്ളവരായിരിക്കണം. കൃഷി ഓഫീസർ ഈ സമിതിയുടെ കൺവീനറും മെമ്പർ സെക്രട്ടറിയുമായിരിക്കും . എന്നാൽ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തിക നിലവിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൃഷി ഓഫീസർ സമിതിയുടെ കൺവീനറും അസിസ്റ്റന്റ് കൃഷി ഓഫീസർ
മെമ്പർ സെക്രട്ടറിയുമായിരിക്കും . കൃഷിഭവനിലെ മറ്റ് കൃഷി അസിസ്റ്റന്റുമാർ എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഫെഡറേഷൻ മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി പ്രസ്തുത റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡന്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർക്ക് കൃഷി ഓഫീസർ നൽകണം. അതിനായി "കതിർ" പോർട്ടലിൽ സംവിധാനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഒരുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തല ഫെഡറേഷന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഫെഡറേഷൻ നിലവിൽ വരുന്ന തീയതി മുതൽ തദ്ദേശ ഭരണ സ്ഥാപനതല കാർഷിക വികസന സമിതിയിൽ അംഗങ്ങളായിരിക്കും.

<u>ചുമതലകൾ</u>

- തദ്ദേശ ഭരണ സ്ഥാപനതലത്തിലെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) എല്ലാ കൃഷിക്കൂട്ടങ്ങൾക്കും ഫെഡറേഷനുമായി അഫിലിയേഷൻ നൽകി കാർഷിക പ്രവർത്തനങ്ങളുടെ സമഗ്രമായ ഏകോപനം.
- തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ കൃഷിക്കൂട്ടങ്ങൾ ശാക്തീകരിക്കുക, അവർക്കുള്ള സർക്കാർ സഹായങ്ങൾ നൽകുന്നതിന് കൃഷി ഭവനിലേക്ക് ശുപാർശ ചെയ്യുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കൃഷിയിടങ്ങളുടെയും കൃഷിയുടെയും വിവരശേഖരണം നടത്തി ഡാറ്റബേസ് തയ്യാറാക്കുക.
- മണ്ണിന്റെ ഫലഭൂയിഷ്ഠത വിലയിരുത്താനുള്ള സോയിൽ ഹെൽത്ത് കാർഡ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തങ്ങളിൽ ഏർപ്പെടുക.
- കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുമായി ഏകോപനം ഉറപ്പാക്കുക.
- കൃഷി സംബന്ധമായ വർക്കിങ് ഗ്രൂപ്പുകൾക്കുള്ള വിവരങ്ങളും ആശയങ്ങളും നൽകുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപന തല ഉല്പാദന വിപണന പ്ലാൻ തയ്യാറാക്കി ബ്ലോക്ക്തലത്തിൽ സമർപ്പിക്കുക. അംഗീകരിച്ച് ലഭ്യമാക്കുന്ന ഉല്പാദന വിപണന പ്ലാൻ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വിപണന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന കാർഷിക വികസനപരിപാടികളുടെ സാമൂഹ്യ നിരീക്ഷണവും അവലോകനവും നടത്തുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ കർഷകകൂട്ടായ്മയിൽ കൂടി രൂപീകൃതമാകുന്ന FPO കളുടെ മുൻ - പിൻ ബന്ധങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വിവിധ മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിവിധ

വകുപ്പുകളുടെ ഏകോപനത്തോടെ ലഭ്യമാക്കുക.

- കേരള കാർഷിക യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് പുതിയ സാങ്കേതിക വിദ്യകൾ, നവീന കൃഷി രീതികൾ സ്വായത്തമാക്കുന്നതിനുള്ള നടപടികളിൽ ഏർപ്പെടുക.
- കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമായ ബാങ്ക് ലിങ്കേജ് സംവിധാനം ഏർപ്പാടാക്കുക.
- കൃഷിക്കൂട്ടങ്ങൾക്കാവശ്യമായ നിയമ സാധുത ഉറപ്പ് വരുത്തുക.
- നവീന കൃഷിരീതികൾ, സാങ്കേതിക സഹായങ്ങൾ തുടങ്ങിയവ കൃഷിക്കൂട്ടങ്ങൾക്ക് നേടിക്കൊടുക്കുക, മറ്റ് സേവനങ്ങൾ നൽകുക. അതിന് ബ്ലോക്ക് തല വിദഗ്ധ സമിതിയുടെ(BLAKC) സേവനം പ്രയോജനപ്പെടുത്തുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഫെഡറേഷന്റെ പിന്തുണയോടെ തദ്ദേശസ്വയംഭരണ ഭരണ സ്ഥാപന തലത്തിലോ ബ്ലോക്ക് തലത്തിലോ രൂപീകരിക്കപ്പെടുന്ന കൃഷിക്കൂട്ടങ്ങളെ ഏകോപിപ്പിച്ച് എഫ്.പി.ഓ രൂപീകരിക്കുകയും, പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ എഫ്.പി.ഓ യെ എഫ്.പി.സി ആക്കി മാറ്റി പ്രവർത്തനം വിപുലീകരിപ്പിക്കുകയും ചെയ്യുക.
- എഫ്.പി.ഓ/ എഫ്.പി.സി/ കൃഷിക്കൂട്ടങ്ങളെ വിപണനത്തിനായി സജ്ജീകരിച്ചിരിക്കുന്ന "കേരള അഗ്രോ ബിസിനസ് കമ്പനി" യുടെ (KABCO) ഓഹരി പങ്കാളികളാക്കാൻ മുൻകൈയെടുക്കുക.
- മികച്ച വിപണി നേടിയെടുക്കുന്നതിനും മൂല്യവർദ്ധന ശൃംഖലയിൽ കർഷകർ നേരിട്ട് ഇടപെടുകയും ചെയ്യുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം കുറക്കുന്നതിനും, പ്രാഥമിക ഉൽപ്പാദകനായ കർഷകന് ഉൽപ്പങ്ങൾക്ക് മികച്ച വില ലഭ്യമാകുന്നതിനും പ്രവർത്തിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനതല വിപണികൾ ആസൂത്രണം ചെയ്യുക.

**തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഉപദേശക സമിതി**

കൃഷിക്കൂട്ട സംവിധാനത്തിന്റെ തദ്ദേശ സ്വയം ഭരണ സ്ഥാപനതല ഉപദേശക സമിതി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനതലവൻ അധ്യക്ഷനായുള്ള കാർഷിക വികസന സമിതി ആയിരിക്കും. എല്ലാ കാർഷിക വികസന സമിതി യോഗങ്ങളിലും കൃഷിക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ അവശ്യ അജണ്ടയായി ഉൾപ്പെടുത്തി വിലയിരുത്തേണ്ടതാണ്.

**<u>ബ്ലോക്ക് തല നിർവ്വഹണം :</u>**

**ബ്ലോക്ക് തല കാർഷിക വികസന ഏകോപന സമിതി:**

അദ്ധ്യക്ഷൻ - ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
കൺവീനർ - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

അംഗങ്ങൾ - ബ്ലോക്ക് പഞ്ചായത്ത് വികസന സ്ഥാൻഡിങ് കമ്മിറ്റി ചെയർമാൻ - മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ - അംഗം, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി നോമിനേറ്റ് ചെയ്യുന്ന 3 ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, തദ്ദേശ ഭരണ സ്ഥാപന

തലത്തിലെ കൃഷിക്കൂട്ട ഫെഡറേഷന്റെ പ്രസിഡന്റ്, വൈസ് പ്രസിഡൻറ്, നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ബ്ലോക്കിലേയ്ക്ക് ചുമതമലപ്പെടുത്തിയിരിക്കുന്ന റിസോഴ്സ് പേഴ്സൺ, BLBC കൺവീനർ, സജീവമായി പ്രവർത്തിക്കുന്ന FPO/FPC കളുടെ പ്രതിനിധികൾ, നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ, BLBC കൺവീനർ, ഫുഡ് ആൻഡ് സേഫ്റ്റി ഓഫീസർ, ഹോർട്ടികോർപ്പ്/ VFPCK/ KLDC/ KAICO/ സ്റേറ് വെയർ ഹൗസിങ് കോർപ്പറേഷൻ പ്രതിനിധികൾ, മൃഗസംരക്ഷണ ഓഫീസർ, MGNREGS ചുമതലയുള്ള ഉദ്യോഗസ്ഥൻ, സോയിൽ കൺസെർവേഷൻ/സർവ്വേ ഓഫീസർ, എം.പി / എം.എൽ.എ യുടെ പ്രതിനിധികൾ, വ്യവസായ, തദ്ദേശസ്വയംഭരണ, ജലസേചന, സഹകരണ, മത്സ്യ ബന്ധന, യുവജന ക്ഷേമ, മൃഗസംരക്ഷണ, ക്ഷീര വികസന, വനം-വന്യജീവി, ആരോഗ്യ, പട്ടികജാതി - പട്ടിക വർഗ്ഗ വികസന, ഭക്ഷ്യ - പൊതു വിതരണ, വിദ്യാഭ്യാസ, സയൻസ് ആൻഡ് ടെക്നോളജി, വിനോദ സഞ്ചാര വകുപ്പുകളിലെ ബ്ലോക്ക് തല ഉദ്യോഗസ്ഥർ/ അവരുടെ പ്രതിനിധികൾ.

**ചുമതലകൾ:**

- തദ്ദേശ ഭരണ സ്ഥാപനതലത്തിലുള്ള കൃഷിക്കൂട്ട ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തലത്തിൽ കാർഷിക മേഖലയിൽ നടപ്പാക്കുന്ന വിവിധ കാമ്പയിനുകളുടെ പ്രചരണം, ഏകോപനം, വിലയിരുത്തൽ എന്നിവക്കു മേൽനോട്ടം വഹിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച ഉല്പാദന വിള നിർണ്ണയ വിപണന രേഖകൾ ക്രോഡീകരിച്ച് ബ്ലോക്ക് തല ഉല്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുക. ടി രേഖ ജില്ലാതല കാർഷിക ഏകോപന സമിതിക്കു അംഗീകാരത്തിനായി സമർപ്പിക്കുക.
- കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തദ്ദേശ ഭരണ സ്ഥാപനതലത്തിലുള്ള കൃഷിക്കൂട്ട ഫെഡറേഷന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുക.
- കേരളാഗ്രോ റിസോർസ് സെന്ററിന്റെ ബ്ലോക്ക് തല സംവിധാനമായി പ്രവർത്തിച്ചുകൊണ്ട് കർഷക സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വെല്ലുവിളികൾ പരിഹരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- ബ്ലോക്ക് തല പ്രവർത്തങ്ങളുടെ ഏകോപനം ഉറപ്പാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്ന റിസോഴ്സ് പേഴ്സന്റെ സേവനം നിർബന്ധമായും ഉറപ്പാക്കുക.

**<u>ജില്ലാ തല നിർവ്വഹണം:</u>**

**<u>ജില്ലാ തല കാർഷിക വികസന ഏകോപന സമിതി</u>**

ജില്ലാതല കാർഷിക വികസന സമിതി ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.

**ചുമതലകൾ**

- ബ്ലോക്ക് തലത്തിൽ രൂപീകരിച്ച ഉല്പാദന വിള നിർണ്ണയ വിപണന രേഖകൾ ക്രോഡീകരിച്ച് ജില്ലാ തല ഉല്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുക.
- ജില്ലാതല ഉൽപ്പാദന വിള നിർണ്ണയ വിപണന രേഖ അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഏകോപനം നടത്തുക.
- കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് ജില്ലയിലെ കാർഷിക പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുക.
- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) പദ്ധതിയുടെ ജില്ലാതല കോ-ഓർഡിനേറ്റർ ആയി ചുമതല വഹിക്കും.
- കർഷക സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷിക്കൂട്ടങ്ങൾ, FPO/ FPC കൾ എന്നിവയെ അടിസ്ഥാനമാക്കി വിലയിരുത്തുകയും തടസങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ക്രിയാത്മകമായി ഇടപെട്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുക.

**<u>സംസ്ഥാന തല നിർവ്വഹണം</u>**

**<u>സംസ്ഥാന തല കാർഷിക വികസന ഏകോപന സമിതി</u>**

കൃഷി സെക്രട്ടറി /സ്പെഷ്യൽ സെക്രട്ടറി - ചെയർമാൻ
കൃഷി ഡയറക്ടർ - കൺവീനർ
മണ്ണ് സംരക്ഷണ, മണ്ണ് പര്യവേക്ഷണ വകുപ്പ് ഡയറക്ടർ - കോ-കൺവീനർ
കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) - ജോയിന്റ് കൺവീനർ
കൃഷി ജോയിന്റ് ഡയറക്ടർ (എഫ്.ഐ.ജി) - ജോയിന്റ് കൺവീനർ

**അംഗങ്ങൾ:**
കൃഷി അഡിഷണൽ സെക്രട്ടറി
ഡയറക്ടർ -സോയിൽ സർവ്വേ ആൻഡ് സോയിൽ കൺസർവേഷൻ
ഡയറക്ടർ (എക്സ്റ്റൻഷൻ), കേരള കാർഷിക സർവ്വകലാശാല
കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ)
കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിങ്)
കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ്, വെജിറ്റബിൾ സെൽ)
കൃഷി അഡീഷണൽ ഡയറക്ടർ (സി.പി)
അഡിഷണൽ ഡയറക്ടർ (പി.പി.എം സെൽ)
ഡയറക്ടർ (എക്സ്റ്റൻഷൻ), കേരള കാർഷിക സർവ്വകലാശാല
മാനേജിങ് ഡയറക്ടർ -എസ് .എഫ് .എ.സി
മാനേജിങ് ഡയറക്ടർ , കാബ്കോ
മാനേജിങ് ഡയറക്ടർ , കാംകോ

മാനേജിങ് ഡയറക്ടർ , കെ എൽ ഡി സി
മാനേജിങ് ഡയറക്ടർ , കൈകോ
മാനേജിങ് ഡയറക്ടർ , ഹോർട്ടികോർപ്പ്
സി ഇ ഓ , വി എഫ് പി സി കെ
മാനേജിങ് ഡയറക്ടർ , കേരള സംസ്ഥാന വെയർ ഹൗസിങ് കോർപ്പറേഷൻ
ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
ഡയറക്ടർ, സമേതി
സി.ഇ.ഒ, കേരള അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ
കൃഷി സ്റ്റേറ്റ് എൻജിനീയർ
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി)
കൃഷി ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിങ്)

**ചുമതലകൾ:**

- ജില്ലാ തലത്തിൽ രൂപീകരിച്ച ഉല്പാദന വിള നിർണ്ണയ വിപണന രേഖകൾ ക്രോഡീകരിച്ച് സംസ്ഥാന തല ഉല്പാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുക.
- സംസ്ഥാനത്തെ ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട കാർഷിക പ്രശ്നങ്ങൾ കണ്ടെത്തി സംസ്ഥാന തല വിലയിരുത്തൽ കമ്മറ്റി മുമ്പാകെ അവതരിപ്പിച്ച് പ്രശ്ന പരിഹാരം കണ്ടെത്തുക
- സംസ്ഥാന തല ഉല്പാദന വിള നിർണ്ണയ വിപണന രേഖ അടിസ്ഥാനമാക്കി കേരള അഗ്രോ ബിസിനെസ്സ് കമ്പനി , കാർഷിക മേഖലയിലെ പൊതു മേഖല സ്ഥാപനങ്ങൾ , ഇതര വകുപ്പുകൾ തുടങ്ങിയവയുമായി ഏകോപന സാധ്യത കണ്ടെത്തി സംസ്ഥാന തല പദ്ധതി ആസൂത്രണം ചെയ്യുക.
- സംസ്ഥാനവിഷ്കൃത പദ്ധതികളെയും , കേന്ദ്രാവിഷ്കൃത പദ്ധതികളെയും ഫലപ്രദമായി സംയോജിപ്പിച്ച് പ്രാഥമിക , ദ്വിതീയ കാർഷിക മേഖലയെ സജീവമാക്കുവാനുള്ള പൊതു പരിപാടികൾ ആസൂത്രണം ചെയ്യുക .
- കാർഷിക സ്വയം പര്യാപ്തത , കർഷകരുടെ വരുമാന വർദ്ധനവ് , സുരക്ഷിത ഭക്ഷണം തുടങ്ങിയവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി നടപ്പാക്കുന്ന "കൃഷി സമൃദ്ധി" പദ്ധതിയുടെ പ്രവർത്തന അവലോകനം നടത്തുക . പദ്ധതി വ്യാപിപ്പിക്കുവാനാവശ്യമായ നടപടികളിൽ സമയ ബന്ധിതമായി ഏർപ്പെടുക .
- സുഗമവും കാര്യക്ഷമവുമായ പദ്ധതി നടത്തിപ്പിനാവശ്യവുമായ തീരുമാനങ്ങൾ, സ്പഷ്ടീകരണങ്ങൾ തുടങ്ങിയവ വിലയിരുത്തൽ സമിതി മുമ്പാകെ അവതരിപ്പിച്ച് തീരുമാനമാക്കുവാനാവശ്യമായ നടപടികളിൽ ഏർപ്പെടുക .
- കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേർന്ന് സംസ്ഥാനത്ത് ഒട്ടാകെയുള്ള കാർഷിക പ്രവർത്തനങ്ങളുടെ പുരോഗതി സംസ്ഥാന വിലയിരുത്തൽ സമിതി മുമ്പാകെ അവതരിപ്പിക്കുക.
- കുറഞ്ഞത് 3 മാസത്തിലൊരിക്കൽ സംസ്ഥാന തല വിലയിരുത്തൽ സമിതി വിളിച്ച് ചേർക്കുവാനാവശ്യമായ നടപടി സ്വീകരിക്കുക

**സംസ്ഥാന തല വിലയിരുത്തൽ കമ്മിറ്റി**

ബഹു കൃഷി വകുപ്പ് മന്ത്രി -ചെയർമാൻ
അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ - വൈസ് ചെയർമാൻ
സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി- കൺവീനർ
കൃഷിഡയറക്ടർ - കോ കൺവീനർ
അംഗങ്ങൾ:

- ഡയറക്ടർ - വ്യവസായ വകുപ്പ്
- പ്രിൻസിപ്പൽ ഡയറക്ടർ -തദ്ദേശസ്വയംഭരണ വകുപ്പ്
- എക്സിക്യൂട്ടിവ് ഡയറക്ടർ - കുടുംബശ്രീ
- മിഷൻ ഡയറക്ടർ - MGNREGS
- ചീഫ് എഞ്ചിനീയർ -ജലസേചന വകുപ്പ്
- ഡയറക്ടർ -സഹകരണ വകുപ്പ്
- ഡയറക്ടർ -മത്സ്യ ബന്ധന വകുപ്പ്
- ഡയറക്ടർ -യുവജന ക്ഷേമ വകുപ്പ്
- ഡയറക്ടർ -മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ്
- ഡയറക്ടർ -വനം, വന്യജീവി വകുപ്പ്
- ഡയറക്ടർ -ആരോഗ്യ വകുപ്പ്
- ഡയറക്ടർ -പട്ടികജാതി - പട്ടിക വർഗ്ഗ വികസന വകുപ്പ്
- ഡയറക്ടർ -ഭക്ഷ്യ - പൊതു വിതരണ വകുപ്പ്
- ഡയറക്ടർ -വിദ്യാഭ്യാസ വകുപ്പ്
- ഡയറക്ടർ -സയൻസ് ആൻഡ് ടെക്നോളജി വകുപ്പ്
- ഡയറക്ടർ -വിനോദ സഞ്ചാര വകുപ്പ്
- ചീഫ്(അഗ്രി), സംസ്ഥാന പ്ലാനിങ് ബോർഡ്
- രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല.
- ചെയർമാൻ, സംസ്ഥാന അഗ്രിക്കൾച്ചർ പ്രൈസസ് ബോർഡ്

**പ്രത്യേക ചുമതലകൾ :**

**1. സംസ്ഥാന തല നോഡൽ ഓഫീസർ:**

കൃഷിക്കൂട്ടങ്ങളുടെ സംസ്ഥാന തല ഏകോപനത്തിനുള്ള നോഡൽ ഓഫീസർ ആയി ജോയിന്റ് ഡയറക്ടർ (എഫ് .ഐ .ജി) പ്രവർത്തിക്കേണ്ടതാണ്. കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് കാലാകാലങ്ങളിൽ സർക്കാർ നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും ആസൂത്രണവും അവലോകനവും നിർവഹിക്കുന്നതും, പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമായ ചുമതല നോഡൽ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ജില്ലാതല ഉൽപാദന വിളനിർണയ വിപണന രേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തല ഉൽപാദന വിളനിർണയ വിപണന രേഖ തയ്യാറാക്കലും ടിയാളുടെ ഉത്തരവാദിത്വം ആയിരിക്കും. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) ഇതിന് വേണ്ട

പിന്തുണ നൽകേണ്ടതാണ്.

**2. സ്റ്റേറ്റ് റിസോർസ് ടീം:**

സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച, സന്നദ്ധ സേവനത്തിന് തയ്യാറായ, നിർദിഷ്ട ബ്ലോക്ക് പരിധിയിൽ ജോലി ചെയ്യുന്നതും, കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി പ്രവർത്തിക്കാൻ തയ്യാറുള്ളതുമായ കൃഷി, അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സ്റ്റേറ്റ് റിസോർസ് ടീം രൂപീകരിയ്ക്കും. കാലാകാലങ്ങളിൽ ഇവർക്കാവശ്യമായ പരിശീലനം, ബ്ളോക്ക് തലത്തിൽ ഇവരുടെ വിന്യാസം എന്നിവ കൃഷി ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. സ്റ്റേറ്റ് റിസോർസ് ടീമിന്റെ നേതൃത്വം സംസ്ഥാന തല നോഡൽ ഓഫീസറിൽ/ ജോയിന്റ് ഡയറക്ടർ (എഫ്.ഐ.ജി) യിൽ നിക്ഷിപ്തമായിരിക്കും.

**ചുമതലകൾ :**

- പദ്ധതിയുമായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ഉറപ്പാക്കുക.
- പദ്ധതിയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക
- ബ്ലോക്ക് തലത്തിൽ ഉള്ള പ്രവർത്തനങ്ങൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഏകോപിപ്പിക്കുക.
- കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കുമായി വേണ്ടി വരുന്ന എല്ലാ പരിശീലനങ്ങളും ബ്ലോക്ക് തലത്തിൽ സംഘടിപ്പിക്കുക .
- കാർഷിക സാങ്കേതിക സഹായങ്ങളും പരിശീലനങ്ങളും ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രത്തിലൂടെ (BLAKC) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുക.

**കരാർ ജീവനക്കാർ/ മെൻറ്റർ :**

വിവിധ പദ്ധതികൾ പ്രകാരം പ്രവർത്തിക്കുന്ന കരാർ ജീവനക്കാർ (ആത്മ, പച്ചക്കറി വികസന പദ്ധതി, ലീഡ്സ്, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, എസ്.എച്ച്.എം, ബി.പി.കെ.പി, പി.എം കിസാൻ തുടങ്ങിയ എല്ലാ പദ്ധതികളിലെയും) കൃഷിക്കൂട്ടങ്ങൾ, എഫ്.പി.ഒ/ എഫ്.പി.സി കളുടെ മെന്റർമാരായി പ്രവർത്തിയ്ക്കും.

**ചുമതലകൾ :**

- കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും റിസോഴ്സ് പേഴ്സൺസന്റെയും നിർദ്ദേശപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഉള്ള പ്രവർത്തനങ്ങളുടെ ഏകോപനം.
- നിശ്ചിത മാതൃകയിൽ AIMS/KATHIR പോർട്ടൽ മുഖേന കർഷകരുടെ അടിസ്ഥാന വിവര ശേഖരണം വാർഡ് തലത്തിൽ നടത്തുന്നതിന് വാർഡ് തല സമിതികൾക്ക് ആവശ്യമായ പിന്തുണ നൽകുക.
- കൃഷിക്കൂട്ടങ്ങളുടെ രൂപീകരണത്തിനും ശാക്തീകരണത്തിനുമുള്ള പിന്തുണ നൽകുക.

<u>ഡിജിറ്റൽ പ്ലാറ്റ്ഫോം :</u>

കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഡിജിറ്റൽ സോഫ്റ്റ് വെയർ ആയ "കതിർ" ഉപയോഗിച്ചായിരിക്കണം കാർഷിക മേഖലയിലെ വിവരങ്ങൾ ശേഖരിക്കേണ്ടത്. താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ടി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാൻ കൃഷി ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

**വിവിധ വകുപ്പുകളുടെ സംയോജനം :**

കൃഷിക്കൂട്ടങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപന തലത്തിൽ ആസൂത്രണം ചെയ്യുന്ന എല്ലാ പദ്ധതികളും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആയിരിക്കണം നിർവഹിക്കേണ്ടത്. ഇതിനായുള്ള നേതൃത്വം തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതും ഓരോ സാമ്പത്തിക വർഷത്തെയും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനകീയാസൂത്രണ പദ്ധതിയോടൊപ്പം തന്നെ വിവിധ വകുപ്പുകളുടെ വിഭവ സമാഹരണം ഉറപ്പാക്കേണ്ടതും പദ്ധതി നടത്തിപ്പ് അതിനനുസൃതമായി ക്രമീകരിക്കേണ്ടതുമാണ്. ഏകോപന സാധ്യതയുള്ള വകുപ്പുകളുടെ വിവരങ്ങൾ താഴെ വിശദമാക്കുന്നു.

**വ്യവസായ വകുപ്പ്:** മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുക. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത മേഖലയിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സംരംഭങ്ങളെയും വ്യവസായങ്ങളെയും ഉൽപാദന മേഖലയിലുള്ള കൃഷിക്കൂട്ടങ്ങളുമായി ബന്ധപ്പെടുത്തുക.

**ജലസേചനം:** ഉൽപാദന വിള നിർണ്ണയ വിപണന രേഖയെ അടിസ്ഥാനമാക്കി ജലസേചന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുക. കമ്മ്യൂണിറ്റി ഇറിഗേഷൻ പോലുള്ള പദ്ധതികൾ നടപ്പിലാക്കുക.

**സഹകരണം:** കൃഷിക്കൂട്ടങ്ങൾക്ക് ലളിതമായ വ്യവസ്ഥകളിൽ വായ്പ സംവിധാനം ഒരുക്കുക. സഹകരണ മേഖലയിലെ സംസ്കരണ, സംഭരണ, വിപണന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക.

**മത്സ്യബന്ധനം**: സംയോജിത കൃഷി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ചെറുകിട മത്സ്യ കൃഷി പദ്ധതികൾ സംയോജിപ്പിക്കുക.

**യുവജനക്ഷേമവകുപ്പ്:** യുവജനങ്ങളെ കാർഷിക മേഖലയിലെ തൊഴിൽ, സംരംഭക സാധ്യതകളെ കുറിച്ച് ബോധവാന്മാരാക്കുക. കാർഷിക സംരംഭകത്വവുമായി ബന്ധപ്പെട്ട മുൻ പിൻ ബന്ധങ്ങളും, പദ്ധതികളുടെ സംയോജനവും ഉറപ്പാക്കുക.

**ക്ഷീര-മൃഗസംരക്ഷണ വകുപ്പ്:** സംയോജിത കൃഷി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ക്ഷീരവികസന, മൃഗ സംരക്ഷണ മേഖലയിലെ പദ്ധതികൾ സംയോജിപ്പിക്കുക.

**വനം-വന്യജീവി വകുപ്പ്:** പ്രാദേശിക തലങ്ങളിലെ Human-Wildlife conflict (മനുഷ്യ-വന്യജീവി

സംഘർഷം) കളെകുറിച്ച് സമഗ്ര പഠനം നടത്തി വനം വകുപ്പിന്റെ കൂടി സഹകരണത്തിൽ പ്രാദേശിക തലത്തിൽ കൃഷി സംരക്ഷണ സമിതികൾ രൂപീകരിച്ച് കൃഷി സംരക്ഷിക്കുക.

**ആരോഗ്യ വകുപ്പ്:** പോഷകാഹാരം ഉറപ്പ് വരുത്തുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുമുള്ള പദ്ധതികളിൽ പങ്കാളികളാവുക.

**വിദ്യാഭ്യാസ വകുപ്പ്:** വിദ്യാർത്ഥികളെ കാർഷിക മേഖലയുടെ പ്രാധാന്യവും സാധ്യതകളും മനസിലാകും വിധം പാഠ്യ പദ്ധതികൾ രൂപീകരിക്കുക. കേരള കരിക്കുലം ഫ്രെയിംവർക്ക് (കെ.സി.എഫ്. ) ന്റെ ഭാഗമായും, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ ഭാഗമായും വിഭാവനം ചെയ്തിട്ടുള്ള പാഠ്യ പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

**ശാസ്ത്ര സാങ്കേതിക വകുപ്പ്:** കാർഷിക മേഖലയിൽ ശാസ്ത്ര സാങ്കേതിക ഇടപെടലുകൾ സാധ്യമാക്കുക.

**ടൂറിസം വകുപ്പ്:** ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തുക.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്:** ആദിവാസി ഗോത്ര മേഖലകളിലെ കൃഷിരീതികളെയും കാർഷിക മേഖലയെയും പ്രോത്സാഹിപ്പിക്കുക, കമ്മ്യൂണിറ്റി റേഡിയോ പോലുള്ള ആശയ സംവാദന മാധ്യമങ്ങൾ ഉപയോഗിച്ച് കാർഷിക, പ്രാദേശിക, സാമ്പത്തിക ഉന്നമനം സാധ്യമാക്കുക.

**ഭക്ഷ്യ പൊതുവിതരണം:** ഭക്ഷ്യ പൊതു വിതരണ മേഖലകളിൽ പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിതരണം ലളിതവും മുൻഗണന വിധേയവുമാക്കുക.

**വനിതാ ശിശു വികസന വകുപ്പ്:** അംഗൻവാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളെ കാർഷിക മേഖലയുമായി സംയോജിപ്പിക്കുക, കാർഷിക കൂട്ടായ്മയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക.

**സാമൂഹ്യ നീതി വകുപ്പ്:** പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ, വിഭിന്ന ശേഷിയുള്ളവർ തുടങ്ങിയവരുടെ കൂട്ടായ്മകൾ സൃഷ്ടിച്ച് കാർഷിക മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.